NEWS

Malayalam News >> കൗമുദി പ്ലസ് >> home

Tuesday, 05 Mar, 1.00 pm
കൗമുദി പ്ലസ്

ഹോം

# കനകക്കുന്ന് മികച്ച വിനോദസഞ്ചാര കേന്ദ്രമാകുന്നു




തിരുവനന്തപുരം: ചരിത്രമുറങ്ങുന്ന കനകക്കുന്ന് കൊട്ടാരം വിദേശ ആഭ്യന്തര സഞ്ചാരികളുടെ ആകർഷണ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾക്ക് തുടക്കമായി. തലസ്ഥാനത്തിന്റെ പൈതൃക മുഖചായയായ കനകക്കുന്നിന്റെ പൗരാണികതയും രാജകീയ പ്രൗഢിയും നിലനിർത്തുന്നതിനുള്ള സരക്ഷണ പദ്ധതികൾക്കൊപ്പം ഡിജിറ്റൽ മ്യൂസിയത്തിന്റെ നിർമ്മാണോദ്ഘാടനവും ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവ്വഹിച്ചു. കനകക്കുന്നിലെ സൂര്യകാന്തി മൈതാനത്തിൽ അഞ്ചുസെന്റിൽ ഒരുക്കുന്ന മിയാവാക്കി മാതൃകാ വനത്തിന്റെ ഉദ്ഘാടനവും മന്ത്രി നിർവ്വഹിച്ചു.

മുസിരിസ്, ആലപ്പുഴ, തലശേരി പൈതൃക പദ്ധതികളെപ്പോലെ തിരുവിതാംകൂർ പൈതൃക സംരക്ഷണ പദ്ധതി ആവിഷ്കരിക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു. തിരുവിതാംകൂറിന്റേയും കേരളത്തിന്റേയും സംസ്കാരമാണ് ഡിജിറ്റൽ മ്യൂസിയത്തിലൂടെ അനാവരണം ചെയ്യുന്നതെന്ന് ടൂറിസം വകുപ്പ് സെക്രട്ടറി റാണി ജോർജ് വ്യക്തമാക്കി. സംസ്ഥാനത്ത് സർക്കാർ മേഖലയിൽ തയാറാക്കു ആദ്യ മിയാവാക്കി മാതൃകാ വനമാണ് കനകക്കുന്നിലേത്. ടൂറിസം വകുപ്പ് അഞ്ചു സെന്റിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഒപ്പം മൈക്രോ ഇറിഗേഷൻ സംവിധാനവുമുണ്ട്. ലോകോത്തര സാങ്കേതിക വിദ്യകളുപയോഗിച്ചാണ് ഡിജിറ്റൽ മ്യൂസിയം വിഭാവനം ചെയ്യുന്നെതെന്ന് ടൂറിസം ഡയറക്ടർ പി. ബാലകിരൺ പറഞ്ഞു. വാർഡ് കൗസിലർ പാളയം രാജൻ ഡിജിറ്റൽ മ്യൂസിയത്തിന്റേയും പൈതൃക സംരക്ഷണ പദ്ധതിയുടേയും നിർമ്മാണോദ്ഘാടന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

കേരളത്തിന്റേയും തിരുവിതാംകൂറിന്റേയും ചരിത്രം അനാവരണം ചെയ്യുന്ന 8.94 കോടി രൂപയുടെ പദ്ധതിയായ ഡിജിറ്റൽ മ്യൂസിയം ഭൂപ്രകൃതി, മതങ്ങൾ, ആചാരങ്ങൾ, കല, സംസ്കാരം, സുഗന്ധവ്യഞ്ജനങ്ങൾ, ആയുർവേദം, ഔഷധസസ്യക്കലവറ എന്നിവയുടെ സംക്ഷിപ്ത ശേഖരമാണ്. ഒട്ടോാമോട്ടീവ് ടിക്കറ്റിംഗ്, മോഷൻ സെൻസർ സ്ക്രീൻ, ഇന്ററാക്ടീവ് ടേബിൾ ടോപ് ഡിസ്പ്ലേ, ഡിജിറ്റൽ ഫേട്ടോാഗ്രാഫ് പാനൽ, മൊബൈൽ ആപ്ലിക്കേഷൻ, ഓഡിയോ വിഷ്വൽ സോ, ലേസർ പ്രൊജക്ഷനോടുകൂടിയ ഇടനാഴികൾ, പ്രൊജക്ഷൻ മാപ്പിംഗ്, പാലസ് മോഡൽ ആൻഡ് പ്രൊജക്ഷൻ, സൗണ്ട് ആൻഡ് ലൈറ്റ് ഷോ എന്നിവയാണ് ഈ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ. ഇതുകൂടാതെ 2.95 കോടി രൂപയുടെ സംരക്ഷണ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഒരു പ്രദേശത്ത് സ്വാഭാവികമായി വളരുന്ന ചെടികൾ നട്ടു പിടിപ്പിച്ച് ഭൂമിയുടെ സന്തുലിതാവസ്ഥ പുന:സ്ഥാപിക്കുകയാണ് മിയാവാക്കി മാതൃകയുടെ അടിസ്ഥാന ലക്ഷ്യം. കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികൾ നേരിടാൻ നിലവിൽ ലോകത്തിലെ ഏറ്റവും മികച്ച മാതൃക മിയാവാക്കിയുടേതാണെന്ന് ലോകമെമ്പാടുമുള്ള പരിസ്ഥിതി പ്രവർത്തകർ വിലയിരുത്തുന്നു. മിയാവാക്കി മാതൃക പ്രകാരം കുറഞ്ഞത് രണ്ടര സെന്റിൽ (ആയിരം ചതുരശ്രയടി) ഒരു സ്വാഭാവിക വനം വച്ചു പിടിപ്പിക്കാം. 70 മുതൽ 100 വരെ ഇനത്തിലുള്ള സസ്യങ്ങൾ ഈ


പ്രധാന വാർത്തകൾ
"ആ മൂന്ന് നായകന്മാരിൽ ഒരാൾ ഞാനായിരുന്നു, പക്ഷെ അവസാനം എന്നെ ഒഴിവാക്കി" ;...
8 MIN AGO


കേരളം
ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്
13 MIN AGO


പ്രധാന വാർത്തകൾ
'ഇപ്പോൾ ഞാൻ സഖാവ് ഇന്നസെന്റ് അടയാളം ചുറ്റിക അരിവാൾ...
13 MIN AGO


പ്രധാന വാർത്തകൾ
പാർടി പ്രഖ്യാപിച്ച സ്ഥാനാർത്ഥിയെ മാറ്റില്ലെന്ന് ജോസ് കെ മാണി;...
13 MIN AGO


പ്രധാന വാർത്തകൾ
സഭാ കേസിൽ സർക്കാരിന് പൂർണ്ണ പ്രവർത്തന സ്വാതന്ത്ര്യം; യാക്കോബായ...
13 MIN AGO

Browse By Topics
പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപനം
ഇന്ത്യൻ ഫുട്ബോൾ ലീഗ്
യഥാർത്ഥ ആയുർവേദം
പ്രകൃതിദത്തമായ സൗന്ദര്യ രഹസ്യങ്ങൾ
Curated
VIEW ALL TOPICS

Newspapers
VIEW ALL NEWSPAPERS

A

സ്ഥലത്ത് നാലിനം ചെടികൾവരെ വച്ചുപിടിപ്പിക്കാം. ആദ്യ മൂന്നു വർഷം കള പറിക്കുകയും വളവും വെള്ളവും നൽകുകയും വേണം. പിന്നീട് അവ സ്വാഭാവികമായി വളരും. ഈ മാതൃകയിൽ ചെടികൾ ഒരു വർഷം കൊണ്ട് മൂന്നു മീറ്റർ ഉയരത്തിലെത്തി പത്തു വർഷത്തെ വളർച്ച നേടും. പത്തു വർഷം പൂർത്തിയാക്കിയ മിയാവാക്കി വനത്തിൽ നൂറു വർഷത്തെ സ്വാഭാവിക വനത്തിന്റെ വളർച്ച കാണാം.

പ്രശസ്ത പരിസ്ഥിതി പ്രവർത്തകനും ശാസ്ത്രജ്ഞനുമായ പ്രൊഫ. വി.കെ. ദാമോദരൻ പ്രസിഡന്റായ നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷനാണ് ഈ പദ്ധതിയുമായി ടൂറിസം വകുപ്പിനെ സമീപിച്ചത്.

നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷൻ നാലു മാസം കൊണ്ട് പദ്ധതി പൂർത്തിയാക്കി. ഇൻവിസ് മൾട്ടിമീഡിയ, കൾച്ചർ ഷോപ്പീ ഓർഗാനിക് മിഷൻ ചാരിറ്റബിൾ സൊസൈറ്റി തുടങ്ങിയ സ്ഥാപനങ്ങളാണ് ചെലവടക്കമുള്ള നിർവഹണം പൂർത്തിയാക്കിയത്.

Dailyhunt



© 2015 DailyHunt Privacy Policy